**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3787** **15-07-2022 - ൽ മറുപടിയ്ക്ക്**

**നാടിന്റെ സമാധാനാന്തരീക്ഷം തകർക്കുന്നവർക്കെതിരെ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ , ശ്രീ. എച്ച്. സലാം, ശ്രീ. പി. മമ്മിക്കുട്ടി, ശ്രീ. കെ.എം.സച്ചിൻദേവ്** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | വിവിധ മതവിഭാഗങ്ങളിലെ വളരെ ചെറിയൊരു വിഭാഗം തീവ്രസ്വഭാവവും അന്യമത വിദ്വേഷവും പ്രചരിപ്പിക്കാനായി യാദൃശ്ചിക സംഭവങ്ങൾ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>മത സൗഹാർദ്ദം തകർക്കുന്ന പ്രസ്താവനകൾ നടത്തി സമൂഹത്തിൽ വിഭാഗീയത സൃഷ്ടിക്കാൻ ശ്രമിക്കുന്ന സംഭവങ്ങൾ വളരെ ഗൗരവമായി കാണുകയും സാമൂഹിക മാധ്യമങ്ങൾ വഴി മത സാമുദായിക ഐക്യം തകർക്കുന്ന തരത്തിലുള്ള പ്രവർത്തികളിൽ ഏർപ്പെടുന്നവരെ കണ്ടെത്തുന്നതിന് ആവശ്യമായ നിരീക്ഷണം സൈബർ ഇടങ്ങളിൽ നടത്തി വരികയും ചെയ്യുന്നുണ്ട്. കൂടാതെ പോലീസും ജില്ലാ ഭരണകൂടവും സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ചും ഇത്തരം പ്രവൃത്തികൾ നിരീക്ഷിച്ച് സംസ്ഥാനത്തെ സൗഹാർദ്ദ അന്തരീക്ഷം തകരാതിരിക്കുവാനുള്ള ശക്തമായ പ്രവർത്തനങ്ങൾ നടത്തി വരുന്നു. സോഷ്യൽ മീഡിയ വഴിയും മറ്റും ചില വിഭാഗം ആൾക്കാർ ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇത് തടയുന്നതിന് കർശന നിയമ നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | വിദ്വേഷം പരത്തി ഭിന്നിപ്പിച്ച് മുതലെടുക്കാൻ ചില മാധ്യമങ്ങളും ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പ്രത്യേകം വിലയിരുത്തിയിട്ടുണ്ടോ; | (ബി) | "എ" പിരിവിലെ മറുപടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (സി) | നാടിന്റെ സമാധാനാന്തരീക്ഷം തകർക്കുന്ന ഛിദ്ര ശക്തികൾക്കെതിരായി എന്തെല്ലാം നിയമ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | നാടിന്റെ സമാധാനാന്തരീക്ഷം തകർക്കുന്ന ഛിദ്രശക്തികൾക്കെതിരായി Sec.153, 153 A, 295 A IPC ഉൾപ്പെടെയുള്ള വകുപ്പുകൾ പ്രകാരം ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നതോടൊപ്പം ഇത്തരം പ്രവർത്തനങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | സാധ്യതയുള്ള മേഖലകളിൽ പോലീസിന്റെ രഹസ്യ നിരീക്ഷണവും പട്രോളിങും ശക്തമാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ